നിക്ഷിപ്ത വനഭൂമി സംബന്ധിച്ച കേസ്സുകൾ

45 (318)ശ്രീ. എം. മുരളി:

ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നിയമമനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി തിരിച്ചു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് എത്ര ഹർജികൾ വിവിധ കോടതികളിൽ തീർപ്പാക്കാനുണ്ട്;

(ബി) ഇവയിൽ ഒട്ടാകെ ഉൾക്കൊള്ളുന്ന വനഭൂമിയുടെ വിസ്തൃതി എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിക്ഷിപ്ത വനഭൂമി വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു: ഫോറസ്റ്റ് ട്രിബ്യൂണലുകളിൽ 116 കേസ്സുകളും ബഹു: ഹൈക്കോടതിയിൽ 229 കേസ്സുകളും (എം.എഫ്.എ) ബഹു: സുപ്രീംകോടതിയിൽ 17 കേസ്സുകളും തീർപ്പാക്കാനുണ്ട്.

(ബി) തീർപ്പുകൽപ്പിക്കാനുള്ള 116 ഒ.എ.കേസ്സുകളിലായി 406.28 ഹെക്ടറും 229 എം.എഫ്.എ. കേസ്സുകളിലായി 4597.49 ഹെക്ടറും 17 എസ്. എൽ.വി. കേസ്സുകളിലായി 924.36 ഹെക്ടറും അടക്കം ആകെ 5928.13 ഹെക്ടർ വനഭൂമി ഉൾപ്പെട്ടിട്ടുണ്ട്.

വനം കയ്യേറ്റം

46 (319) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കയ്യേറ്റം വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം കയ്യേറ്റം തടയുന്നതിന് ഗവൺമെന്റ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ പര്യാപ്തമല്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനം കയ്യേറ്റം തടയുന്നതിനായി ഒരു വനനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനം കയ്യേറ്റം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലത്ത് ഒറ്റപ്പെട്ട വനം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)ആന്റ്(സി) കയ്യേറ്റ ശ്രമങ്ങൾ കണ്ടെത്തി ഉടനടി തടയുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും കയ്യേറ്റക്കാരുടെ പേരിലും വനം നശീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പേരിലും ഫോറസ്റ്റ് ആക്ട് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തു നടപടി എടുത്തുവരുന്നു. കൂടാതെ വനം കയ്യേറ്റം

LIBRARY ARCHIVES Kerala Legislative Assembly

വനം നശീകരണം എന്നിവ തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനാതിർത്തികൾ അടയാളപ്പെടുത്തി സ്ഥിരം ജണ്ടകളും കയ്യാല കളും നിർമ്മിച്ചുവരുന്നു.

2. വനം വകുപ്പ് സംരക്ഷണവിഭാഗം ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ വാഹനം; വയർലസ് സെറ്റുകൾ, ആയുധം തുടങ്ങിയവ നൽകിവരുന്നു.

3. കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുവാൻ കേരള വനം നിയ മത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 1993-ലെ വനനിയമ ഭേദഗതി അനുസരിച്ച് ശിക്ഷിക്കപ്പെട്ടാൽ കുറഞ്ഞ ശിക്ഷ ഒരു വർഷമായും പരമാവധി അഞ്ചുവർഷ മായും, കുറഞ്ഞ പിഴ 1000 രൂപ ആയും പരമാവധി 5000 രൂപയായും വർദ്ധിപ്പി ച്ചിട്ടുണ്ട്.

4. വനം സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ഇതിനകം 88 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 25 സ്റ്റേഷനുകൾകൂടി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി ആന്റ് ഇ) 7.1.1987-ലെ ജി.ഒ.എം.എസ്.1/87/എഫ് ആന്റ് ഡബ്ല്യു. എൽ.ഡി. സർക്കാർ ഉത്തരവ് മുഖേന സർക്കാർ സംസ്ഥാന വനനയം രൂപീക രിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ വനാതിർത്തി അടയാളപ്പെടുത്തുന്നത്, സ്ഥിരം ജ ണ്ട നിർമ്മാണം എന്നിവയ്ക്ക് മുൻതൂക്കം നൽകി പൂർത്തീകരിക്കണമെന്ന് നയപരമായ തീരുമാനം ഉണ്ട്. അതനുസരിച്ച് വനാതിർത്തികൾ ഭദ്രമാക്കുന്ന ജോലികൾ നടന്നുവരുന്നു.

അനധികൃത മരം വെട്ട്

47 (320)<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വനഭൂമിയിൽ നിന്നും അനധികൃത മരംവെട്ട് സംബന്ധിച്ച് എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്;

(ബി) എന്തുവിലയ്ക്കുള്ള മരം ഇപ്രകാരം വെട്ടിയിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വന സംബന്ധ മായ 11098 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളിലെല്ലാം കൂടിയുള്ള മഹസ്സർ നഷ്ടം 299 ലക്ഷം രൂപയാണ്.

(സി) 8004 കേസ്സുകൾ നിലവിലുണ്ട്. 3094 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly